# ടി കെ ഡി എം ഗവ :ഹൈസ്കൂൾ

## ഉളിയക്കോവിൽ



# നിർഭയ

**A Digital magazine as a tribute to women's rights & fights**



# ഉള്ളടക്കം



ആമുഖം
സന്ദേശം
പെൺജ്വാല
നോവ്
പെണ്ണ് നയിച്ച കാലം
ജിഞ്ചർ ചോക്ലേറ്റ്
മാക്രിയുടെ ഗമ
ഗണിത ക്വിസ്
വടിയും കരുത്തും
ലോകപ്രശസ്തരായ വനിതകൾ
തീരം തേടുന്നവർ
തേങ്ങലുകൾ നിലയ്ക്കാത്ത രാജ്യം
കേരളവനിതകൾ ചരിത്രപദവിയിൽ
ദേവൂട്ടി
മഴയുടെ പ്രണയിനി
കുയിലുകളും വനദേവതയും
ഇനിയ പഠിച്ച പാഠം
അമ്മ
സുഭാഷിതം
പ്രഭാതം
ആനക്കാര്യം
ഗാന്ധിയും ഖാദിയും
വര
ലിറ്റിൽ കൈറ്റ്സിലൂടെ






## പത്രാധിപസമിതി

**സുകന്യകൃഷ്ണൻ .എസ്**
**കൃഷ്ണപ്രിയ .എ . ആർ**
**അഹല്യ . എ**
**ദേവിക ബാലചന്ദ്രൻ**
**ശ്രീലക്ഷ്മി .എസ്**
**ദേവിക .എസ്**
**ജയലക്ഷ്മി .ബി**



വർത്തമാന കാലം നമ്മുടെ സ്ത്രീകളോടും കുഞ്ഞുങ്ങളോടും  കാട്ടുന്ന ക്രൂരതകൾ വർണാതീതമാണ് . സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. വീടുകൾ പോലും അരക്ഷിതമായ ഇടങ്ങളായി പരിവർത്തനം ചെയ്യപ്പെടുന്നു. ബന്ധുക്കൾ പോലും അക്രമികളാകുമ്പോൾ,അറിഞ്ഞോ അറിയാതെയോ മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ രക്ഷക്കായി സംരക്ഷണത്തിന്റെ കോട്ട കെട്ടി അവരെ പൊതു ഇടങ്ങളിൽ നിന്നും അകറ്റിക്കൊണ്ടിരിക്കുന്നു .
പെണ്ണായി പിറന്നതിന്റെ പേരിൽ ഈ സുന്ദര ഭൂമിയുടെ കാഴ്ചകൾ നിഷേധിക്കപ്പെട്ട ജന്മങ്ങൾക്കായി  , ഈ ലോകത്തിലെ എല്ലാ കോണിലെയും ചെറുത്തുനിൽപ്പിന്റെ പെൺ പോരാട്ടങ്ങൾക്ക് കരുത്തു പകരാൻ ഞങ്ങളീ ഡിജിറ്റൽ കൂട്ടായ്മ സമർപ്പിക്കുന്നു
നിർഭയരായി ജീവിക്കാൻ അതിക്രമങ്ങളെ നേരിടാൻ അനീതിക്കെതിരെ ചെറുത്തുനിൽക്കാൻ ജീവിതം കരുപ്പിടിപ്പിക്കാൻ അവർക്കു കരുത്തു പകർന്നു നല്കാൻ നമുക്ക് കൈകോർക്കാം

എഡിറ്റർ

# സന്ദേശം




2012 ഡിസംബർ 16 ന ലോക മനഃസാക്ഷിയെ ഞെട്ടിച്ച സംഭവമാണ് 23 വയസുള്ള വിദ്യാർത്ഥിനി ദില്ലിയിൽ വെച്ച് പീഡനത്തിന് ഇരയായതും ഡിസംബർ 29 ന സിംഗപ്പൂരിലെ ആശുപത്രിയിൽ വെച്ച് മരണപ്പെട്ടതും.ആ പെൺകുട്ടിക്ക് രാജ്യ മനഃസാക്ഷി നൽകിയ പേരാണ് നിർഭയ. ശേഷം ഉന്നാവോ പെൺകുട്ടിയുടെ മരണം വരെയും ആവർത്തിച്ച കൊണ്ടിരിക്കുന്നു.ഇങ്ങനെ പെൺകുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലൈംഗിക പീഡനങ്ങളും പെരുകികൊണ്ടിരിക്കുന്ന ഈ കാലത്തിന്റെ മുഖത്തേയ്ക്ക് ചൂണ്ടുന്ന നേർവിരലാകട്ടെ ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ നിർഭയ .

ഈ പേര് നല്ലണമെന്ന് ഞങ്ങൾ തീരുമാനിക്കുമ്പോൾ സ്ത്രീയായി ജനിച്ചത് കൊണ്ട് മാത്രം അമ്മയായി, മുത്തശ്ശിയായി വിടരേണ്ട അവളെ നിഷ്കരുണം കൗമാരത്തിലോ യൗവനത്തിലോ കരിച്ചുകളയുന്ന സമൂഹത്തിന എതിരെയുള്ള താക്കീതാകട്ടെ നിർഭയ. പൊൻതളയിട്ട കുഞ്ഞിളം പാദങ്ങളെ ,പട്ടുപാവാടയുടുത്ത കൗമാരകൗതുകത്തെ, ദുപ്പട്ടയിൽ വിടരേണ്ട സുന്ദര യൗവനത്തെ ,ആർഷ സാരിയുടുത്ത സ്ത്രീത്വത്തെ മാനിക്കാത്ത കശാപ്പ് ചെയ്യുന്ന  നെറികെട്ട കിരാത സമൂഹത്തിന്റെ കാമ ക്രോധത്തിനാൽ പിച്ചിച്ചീന്തപ്പെടുമ്പോൾ ആർഷ ഭാരതം പ്രബുദ്ധ കേരളമൊക്കെ ലോകത്തിന മുന്നിൽ നാണം കെട്ട് ലജ്ജിച്ച് തല കുനിച്ച് നിൽക്കുന്നു.എവിടെ വെച്ചാണ് നമ്മുടെ യുവത്വത്തിന്,സമൂഹത്തിന പൊന്ന മക്കളെ,കുഞ്ഞു സഹോദരിയെ, പാൽമണം ചുരത്തിയ അമ്മയെ, വാല്സല്യ മുത്തം നൽകിയ മുത്തശ്ശിയെ .................. ചെയ്യാൻ കഴിഞ്ഞത്  ഭാരതത്തിന്റെ പരമോന്നത നീതി ന്യായ പീഠങ്ങളെ ഉണരൂ കർമനിരതരാകു അവസാനിപ്പിക്കൂ ഈ കാടത്തത്തെ

സബീദ ഇ (എച്ച്.എം)

# പെൺജ്വാല



അസിത ജോയി
SITC & കൈറ്റ് മിസ്ട്രസ്

പിറക്കാതിരിക്കട്ടെ മകളെ ഈ ലോകത്ത്
കാമപങ്കിലമായ ഈ ലോകത്ത്
വെറും മാംസനിബിഡമായ ഈ ലോകത്ത്
പിറക്കാത്തവൾ നീ എത്ര ധന്യ

ഒരുവേള നീ പിറന്നുവെങ്കിൽ
തീയിൽ കുരുക്കേണം പൊന്നോമനേ
നിന്റെ ചുറ്റിലും പാഞ്ഞടുക്കുന്ന
കറുത്ത കരങ്ങളെ ചെറുത്ത് നില്ക്കാൻ

പോരാടണം ഈ വ്യവസ്ഥിതിക്കെതിരെ
പൊരുതണം ഈ കാട്ടാള വർഗത്തിനെതിരെ
തീയായ് ജ്വലിക്കണം തീപ്പന്തമായി കത്തിക്കണം
ചുട്ടെരിക്കണം ഈ കോമരങ്ങളെ

കണ്ണീരാൽ കുതിരരുത് വേദനയാൽ നീറരുത്
ഉള്ളിൽ കനൽ പെയ്യുമ്പോഴും ഉറക്കെ ചിരിക്കണം
നീ ഇനിയും ജ്വലിച്ച് കൊണ്ടിരിക്കുക
രാവിലൊരു പാദസരം സ്വതന്ത്രമാകും വരെ

# പെണ്ണ് നയിച്ച കാലം

**പോയ വർഷങ്ങളിൽ ലോക പ്രശസ്തരായ ചില വനിതകൾ**

## തരാനാ ബർകെ



12 നം 18 നം ഇടയിൽ പ്രായമുള്ള കറുത്ത വർഗ്ഗക്കാരായ പെൺകുട്ടികൾക്കായി "ജസ്റ്റ് ബി" എന്ന സംഘടന ഉണ്ടാക്കി മീ റ്റു ക്യാമ്പയിന് 2006 ൽ തുടക്കമിട്ടു.

## നാദിയ മുറാദ്



ഇറാക്കിലെ ഐ എസ് ക്യാമ്പിൽ നിന്നും രക്ഷപെട്ട യസീദി പെൺകുട്ടി. യസീദി പെൺകുട്ടികളുടെ അടിമ ജീവിതം അവസാനിപ്പിക്കാനുള്ള പോരാട്ടത്തിന് തുടക്കം കുറിച്ചു. 2018 ലെ സമാധാന നോബൽ ജേതാവ് .

## വംഗാരി മതായി



കെനിയയിലെ പരിസ്ഥിതി രാഷ്ടീയ പ്രവർത്തക. 2004 ൽ സമാധാന നോബൽ പുരസ്കാരം നേടുന്ന ആദ്യ ആഫ്രിക്കൻ വനിത.

നിർഭയ

## മലാല യൂസഫ് സായ്



2014 ലെ സമാധാന നോബൽ പുരസ്കാര ജേതാവ്.ഈ പുരസ്കാരം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി.പാകിസ്ഥാനിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ശബ്ദമുയർത്തി ശ്രദ്ധേയയായി.

## സന്ന മരീൻ



ഫിൻലണ്ടിലെ സന്ന മരീൻ ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രി. 2019 ലാണ് തിരഞ്ഞെടുക്കപ്പെട്ടത് .

## ജസീന്ത ആർഡൻ



ന്യൂസിലാൻഡ് പ്രധാനമന്ത്രി ,2019 ൽ ന്യൂസിലണ്ടിലുണ്ടായ ഭീകരാക്രമണത്തെ നേരിട്ടതിലൂടെ ഒരു ഭരണാധികാരിഎങ്ങനെയാകണമെന്ന അവർ ലോകത്തിന കാണിച്ചു കൊടുത്തു .

നിർഭയ

## ഗ്രെറ്റ തുൻബെർഗ്



ആഗോള താപനത്തിനെതിരായ പോരാട്ടം ജീവിത വ്രതമാക്കിയ ഗ്രെറ്റ തുൻബെൻഗ് എന്ന പെൺകുട്ടി ഇന്ന് ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാണ്. വെള്ളിയാഴ്ച്ചകളിൽ സകൂളിൽ പോകാതെ യൂണിഫോമിട്ടായിരുന്ന അവളുടെ പ്രതിഷേധം.താമസിയാതെ അവളുടെ സമരം മറ്റുള്ളവരും എറ്റെടുത്തു.ഐക്യരാഷ്ട്ര സംഘടനയുടെ കാലാവസ്ഥ ഉച്ചകോടിയിൽ അവൾ നടത്തിയ പ്രസംഗം ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.കുട്ടികളുടെ അവകാശത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഡച്ച് സംഘടനയുടെ സമാധാന പുരസ്കാരം ഗ്രെറ്റയെ തേടിയെത്തി.

## കെഹ്കഷൻ ബസു



വിവിധ രാജ്യങ്ങളിൽ യുവാക്കളുടെയും കുട്ടികളുടെയും ഇടയിൽ പരിസ്ഥിതി സനേഹം വളർത്താനായി പ്രവർത്തിക്കുന്ന പെൺകുട്ടിയാണ് കെഹ്ഷൻ ബസു. ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിലായിയിരുന്നു അവളുടെ ജനനം.യുഎഇയിൽ ജനിച്ചുവളർന്ന ഇന്ത്യൻ വംശജയായ കെഹ്കഷൻ ഐക്യരാഷ്ട്ര സംഘടനയുടെ പല കാലാവസ്ഥ ഉച്ചകോടിയിലും പങ്കെടുത്തിട്ടുണ്ട്.2016 ലെ കുട്ടികൾക്കുള്ള സമാധാന പുരസ്കാരം കെഹ്ഷനെ തേടിയെത്തി.ഐക്യരാഷ്ട്ര സംഘടനയുടെ പരിസ്ഥിതി കോ ഓർ ഡിനേറ്ററായും തെരെഞ്ഞെടുക്കപ്പെട്ടു.

## ലിസിപ്രിയ



ഡിസംബറിൽ സ്പെയിനിലെ മാഡ്രിഡിൽ നടന്ന യുഎൻ കാലാവസ്ഥ ഉച്ചകോടിയിൽ ലോകത്തിന്റെ ശ്രദ്ധാ കേന്ദ്രമായിരുന്ന ലിസിപ്രിയ കംഗുജം എന്ന എട്ടുവയസ്സുകാരി.ഇപ്പോൾ ഇന്ത്യയുടെ "ഗ്രെറ്റ തുൻബെർഗ്'' എന്നാണ് ഇവൾ അറിയപ്പെടുന്നത്.ഇംഫാലിലെ ബാഷികോങ് ഗ്രാമത്തിലാണ് ലിസിപ്രിയ ജനിച്ചത്.കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച് ഇരുപതിലേറെ രാജ്യങ്ങളിൽ ഇവൾ സംസാരിച്ചുകഴിഞ്ഞു.

നിർഭയ

# ജിഞ്ചർ ചോക്ലറ്റ്



അതുല്യ രതീഷ്
STD X. A

"ഇഞ്ചി മുട്ടായി,ഇഞ്ചിമുട്ടായീ ന്നു ഓരോ ബസ്സിലും കയറി തൊണ്ട പൊട്ടി കരഞ്ഞു പറഞ്ഞിട്ടും ഒരാൾ പോലും വാങ്ങു ന്നില്ല എന്ത് ചെയ്യും"? ഏട്ടൻ അനിയനോട് സങ്കടം പറഞ്ഞു. അനിയൻ ഒരു നിമിഷം എന്തോ ആലോചിച്ച ശേഷം മുഴവൻ ഇഞ്ചിമുട്ടായിയുമെടുത്തു ബസ്സ്റ്റാൻഡിൽ പോയി

നിമിഷങ്ങൾക്കുള്ളിൽ എല്ലാം വിറ്റു തീർത്തു അവൻ മടങ്ങി വന്നു.

"ഇതെങ്ങനെ സാധിച്ചു....? "ഏട്ടന് അതിശയമായി അതെളുപ്പം അനിയൻ പറഞ്ഞു ഇഞ്ചിമുട്ടായി,ഇഞ്ചിമുട്ടായീന്നു അലറി വിളിച്ചില്ല പകരം "ജിഞ്ചർ ചോക്ലറ്റ്,ജിഞ്ചർ ചോക്ലറ്റ്" എന്ന് പറഞ്ഞപ്പോൾ തന്നെ എല്ലാവരും വാങ്ങി. രണ്ടുപേർക്കും വളരെ സന്തോഷമായി .

# മാക്രിയുടെ ഗമ



ഗായത്രി എസ്
STD IX A

കാട്ടുമാക്രി പണ്ടൊരിക്കൽ
കാതുകുത്തി കമ്മലിട്ടു,
കൂട്ടുകാരെ കാട്ടുവാനായി നാട്ടിലിറങ്ങി.
കൂട്ടുകാരാ കാഴ്ച കണ്ടു
കയ്യടിച്ചു യോ വിളിച്ചു
കേട്ടപാടെ ജാഡ കാട്ടി,മാക്രി നടന്നു;
പെട്ടന്നയ്യോ മാക്രി കണ്ടു
മുട്ടനൊരു മൂർഖനതാ;
പത്തിയും വിരിച്ചു മുന്നിൽ
വന്നു നിൽക്കുന്നു!
കണ്ടുടൻ വിരണ്ട മാക്രി
കമ്മലും വലിച്ചെറിഞ്ഞ്,
ജീവനും കൊണ്ടോട്ടമായി,
ജാഡയും പോയി!

# ഗണിത ക്വിസ്



വിഷ്ണു ഗണേഷ്
STD IX B

1.ശാസ്ത്രങ്ങളുടെ റാണി എന്നറിയപ്പെടുന്ന ശാസ്ത്രം?

ഗണിതശാസ്ത്രം

2.ആധുനിക ഗണിത ശാസ്ത്രത്തിന്റെ പിതാവ്?

റെനേദേ ഡെക്കർത്തെ

3. കണക്കു കൂട്ടാനായി ഉപയോഗിച്ചിരുന്ന ഏറ്റവും പുരാതന ഉപകരണം?

അബാക്കസ്

4.രാമാനുജൻ സംഖ്യ ഏത്?

1729

5.പൂജ്യം കണ്ടു പിടിച്ചത് ഏതു രാജ്യക്കാർ?

ഭാരതീയർ

6. mathemata എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്ത്?

പഠിച്ച കാര്യങ്ങൾ

7. ഗണിത ശാസ്ത്രത്തിലെ ബൈബിൾ എന്നറിയപ്പെടുന്ന ഗ്രന്ഥം?

എലമെൻറ്സ്

8. തേനറകളുടെ ആകൃതിയുമായി ബന്ധപ്പെട്ട ബഹുഭുജം?

ഷഡ്ഭുജം

9. ഏറ്റവും ചെറിയ അഭാജ്യ സംഖ്യ?

2

10. ഭാരതത്തിന്റെ യൂക്ലിഡ് എന്നറിയപ്പെടുന്നതാര്?

ഭാസ്കരാചാര്യൻ

11. ഗണിത ശാസ്ത്രത്തിലെ അത്ഭുത വനിത എന്നറിയപ്പെടുന്നതാര്?

ശകുന്തള ദേവി

12. പൈ ദിനമായി ആഘോഷിക്കുന്നതെന്ന്?

മാർച്ച് 14

നിർഭയ

# വടിയും കരുത്തും




മീനാക്ഷി ജെ
STD X A

ഹിമാലയത്തിലെ ഒരു മലഞ്ചെരുവിലാണ് ആട്ടിടയനായ കൃന്ദൻ താമസിച്ചിരുന്നത് .എന്നും ആടുകളെ മേച്ച നടക്കുന്നത് കാരണം കൃന്ദന് അവിടെയുള്ള വഴികളെല്ലാം നല്ലപരിചയമായിരുന്നു . ഒരിക്കൽ ഒരു ധനികൻ ആ മലഞ്ചെരുവിലെത്തി."എനിക്കു മല കടന്നു അപ്പുറത്തെത്തണം വഴിയറിയില്ല സഹായിക്കാമോ? അയാൾ കൃന്ദനോട് ചോദിച്ചു .കൃന്ദൻ സമ്മതിച്ചു ഒരു വലിയ വടി കുത്തി കൃന്ദൻ മുന്നിൽ നടന്നു പിന്നാലെ ധനികനും .മുന്നോട്ട് പോകും തോറും മഞ്ഞ് കൂടി കൂടി വന്നു .മുന്നിലെ വഴി മുഴുവൻ മഞ്ഞ് കട്ടകൾ മൂടി കിടക്കുന്നു .കുറെ നടന്നപ്പോൾ ധനികൻ ചിരിച്ചുകൊണ്ട് പറഞ്ഞു "ഹേ ഇവിടെ ആദ്യമായി വന്ന ഞാൻ വാടിയില്ലാതെ മല കയറുന്നുണ്ടല്ലോ . മലയടിവാരത്തിൽ താമസിച്ചിട്ട് കാര്യമില്ല നല്ല ആരോഗ്യം വേണം, അല്ലെങ്കിൽ ഇങ്ങനെ വടിയും കുത്തിയെ മല കയറാൻ കഴിയൂ" ധനികൻ തന്നെ കളിയാക്കിയതാണെന്നു മനസ്സിലാക്കിയിട്ടും തിരിച്ചൊന്നും പറഞ്ഞില്ല .ധനികൻ കളിയാക്കൽ തുടർന്ന് കൊണ്ടിരുന്നു .പെട്ടന്ന് കൃന്ദന്റെ വടി താഴ്ന്നു പോയി .മഞ്ഞ് കൊണ്ട് മൂടികിടന്ന ഒരു വലിയ കുഴിയിൽ ധനികൻ വീണു പോയി ."വഴി നീളെ ഇത്തരം അപകടം പിടിച്ച കുഴികളുണ്ടെന്നു തിരിച്ചറിയാനാണ് ഞാൻ വടി കുത്തി നടക്കുന്നത് അല്ലാതെ നടക്കാൻ വിഷമമുണ്ടായിട്ടല്ല കേട്ടോ".കൃന്ദൻ പറഞ്ഞത് കേട്ട് ധനികൻ ഇളിഭ്യനായി ഒന്നും മിണ്ടാതെ നടന്നു .

# ലോകത്തെ പ്രശസ്തരായ വനിതകൾ

## മേരി ക്യൂറി



അർബുദം പോലെയുള്ള രോഗങ്ങൾക്കുള്ള ചികിൽസയിൽ നിർണ്ണായകമായ റേഡിയോ ആക്റ്റീവ് മൂലകമായ റേഡിയം കണ്ടുപിടിച്ച പോളിഷ് ശാസ്ത്രജ്ഞയാണ് മേരി ക്യൂറി എന്ന മാഡം ക്യൂറി . പ്രധാനമായും ഇവർ ഫ്രാൻസിലാണ് പ്രവർത്തിച്ചിരുന്നത്. റേഡിയോ ആക്റ്റിവിറ്റി സംബന്ധിച്ച ഗവേഷണമാണ് മേരി ക്യൂറിയെ പ്രശസ്തയാക്കിയത്. നോബൽ സമ്മാനം ലഭിക്കുന്ന ആദ്യ വനിതയായിരുന്നു ക്യൂറി. ഇതുകൂടാതെ മാഡം ക്യൂറി രണ്ടു വ്യത്യസ്ത ശാസ്ത്ര ശാഖകളിൽ (ഭൗതികശാസ്ത്രത്തിനും രസതന്ത്രത്തിനും) നോബൽ സമ്മാനം ലഭിച്ചിട്ടുള്ള ഒരേയൊരാളുമാണ്.



## ഡയാന സ്പെൻസർ

ചാൾസ് രാജകുമാരന്റെ ആദ്യഭാര്യയായിരുന്നു ഡയാന സ്പെൻസർ . വളരെ സമ്പന്നമായ  സ്പെൻസർ കുടുംബത്തിലാണ് ജനിച്ചതെങ്കിലും, ചാൾസ് രാജകുമാരനുമായുള്ള വിവാഹ നിശ്ചയത്തോടെയാണ് ഡയാന പ്രശസ്തയാവുന്നത്. ചാൾസ് രാജകുമാരനുമായുള്ള വിവാഹശേഷം, ഡയാന വേൽസിലെ രാജകുമാരി എന്നാണ് അറിയപ്പെട്ടിരുന്നത്. വിവാഹശേഷം ഡയാന ധാരാളം സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. ലോകമാധ്യമങ്ങൾ വിടാതെ പിന്തുടർന്നിരുന്ന ഒരു വ്യക്തിത്വമായിരുന്നു ഡയാനയുടേത്. അവർ പലപ്പോഴും വിവാദങ്ങൾക്കു പാത്രമായിട്ടുണ്ട്. 1996 ഓഗസ്റ്റ് 28 ന് ചാൾസ് രാജകുമാരനിൽ നിന്നും വിവാഹമോചനം തേടി. 1997 ഓഗസ്റ്റ് 31 ന് ഫ്രാൻസിലെ പാരീസിൽ വച്ചുണ്ടായ ഒരു കാറപകടത്തിൽ ഡയാന അന്തരിച്ചു.

നിർഭയ

## മദർ തെരേസ



അൽബേനിയയിൽ ജനിച്ച് ഇന്ത്യ പ്രവർത്തന കേന്ദ്രമാക്കി കാരുണ്യ പ്രവർത്തനങ്ങളിലൂടെ ലോക ശ്രദ്ധ നേടിയ ക്രൈസ്തവ സന്യാസിനിയായിരുന്നു. മിഷനറീസ് ഓഫ് ചാരിറ്റി എന്ന സംഘടന കൊൽക്കത്ത ആസ്ഥാനമാക്കി സ്ഥാപിച്ചു.1979 ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു .2016 സെപ്റ്റംബർ 4 ന മദർ തെരേസയെ മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു .

## ഇന്ദിര ഗാന്ധി



ഇന്ത്യയുടെ ആദ്യ വനിതാ പ്രധാനമന്ത്രി ആയിരുന്നു .ആധുനിക ചരിത്രത്തിലെ ശ്രദ്ധേയരായ വനിതാ ഭരണാധികാരികളിലൊരാൾ .1966-77 കാലഘട്ടത്തിലും പിന്നീട് 1980 മുതൽ മരണം വരെയും നാലു തവണയായി ഇന്ത്യയുടെ പ്രധാനമന്ത്രി പദം അലങ്കരിച്ചു .ഓപ്പറേഷൻ ബ്ലൂ സ്റ്റാർ എന്ന നടപടിയുടെ പരിണിത ഫലമായി 30 ഒക്ടോബര് 1984 ന തന്റെ തന്നെ അംഗരക്ഷകരുടെ വെടിയേറ്റ് ഇന്ദിരാ ഗാന്ധി അന്തരിച്ചു .

## കൽപന ചൗള



ബഹിരാകാശ സഞ്ചാരം നടത്തിയ ആദ്യ ഇന്ത്യൻ വംശജാണ് കൽപന ചൗള. ഇന്ത്യയിൽ ജനിച്ച് അമേരിക്കൻ പൗരത്വം സ്വീകരിച്ച കൽപന ചൗള 2003 കൊളമ്പിയ ബഹിരാകാശ വാഹന ദുരന്തത്തിൽ മരണമടഞ്ഞു.നാസയുടെ എസ്ടിഎസ് 87 എന്ന ബഹിരാകാശ ദൗത്യത്തിന്റെ ഭാഗമായായിരുന്നു കൽ പനയുടെ ആദ്യ ശൂന്യാകാശ യാത്ര. കൊളംബിയ ബഹിരാകാശ വാഹനത്തിൽ 1997 നവംബർ 19 ന് അഞ്ച് സഹ ഗവേഷകർക്കൊപ്പം അവൾ ചരിത്രത്തിലേക്ക് പറന്നുയർന്നു. 2003 ജനുവരി 16 ന് രണ്ടാം തവണയും ബഹിരാകാശ ദൗത്യത്തിന്റെ ഭാഗമായി. ആറു പേർക്കൊപ്പം ആയിരുന്നു രണ്ടാമത്തെ

**യാത്ര. ബഹിരാകാശത്ത് അനുഭവപ്പെടുന്ന ഭാരമില്ലായ്മയെ കുറിച്ചുള്ള ഗവേഷണം ആയിരുന്നു അവരുടെ ദൗത്യം. 17 ദിവസത്തെ ഗവേഷണങ്ങൾക്ക് ശേഷം 2003 ഫെബ്രുവരി 1 ന് ഫ്ളോറിഡയിലെ കെനഡി സ്പേസ് സെന്ററിൽ തിരിച്ചിറങ്ങാൻ മിനുട്ടുകൾ ബാക്കിയുള്ളപ്പോൾ കൊളംബിയ ചിന്നിച്ചിതറി. കൽപന അടക്കം 7 ബഹിരാകാശ സഞ്ചാരികളും മരണമടഞ്ഞു.**



## ഹെലൻ കെല്ലർ

കഠിനാധ്വാനവും ആത്മവിശ്വാസവും കൊണ്ട് സ്വന്തം വൈകല്യങ്ങളെ തോൽ പിച്ച ഇംഗ്ലീഷ് വനിതയാണ് ഹെലൻ ആദംസ് കെല്ലർ . പത്തൊൻപതുമാസം മാത്രം പ്രായമുള്ളപ്പോൾ കാഴ്ചശക്തിയും കേൾവിശക്തിയും നഷ്ടപ്പെട്ട അവർ സ്വപ്രയത്നം കൊണ്ട് സാഹിത്യം, സാമൂഹ്യപ്രവർത്തനം, അധ്യാപനം എന്നീ രംഗങ്ങളിൽ കഴിവു തെളിയിച്ചു.



## അരുന്ധതി റോയ്

മാൻ ബുക്കർ സമ്മാനത്തിനർഹയായ ആദ്യ ഇന്ത്യൻ വനിതയാണ് അരുന്ധതി റോയ്. ഇവരുടെ ദി ഗോഡ് ഓഫ് സ്മാൾ തിങ്സ് എന്ന കൃതിക്ക് 1997-ലെ ബുക്കർ പുരസ്കാരം ലഭിച്ചു. ജനനം നവംബർ 24 ,1961 ൽ മേഘാലയയിലെ ഷില്ലോങ്ങിൽ. മാതാവ് കോട്ടയം, അയ്മനം സ്വദേശിനി മേരി റോയ്. പിതാവ് രാജീബ് റോയ്, ഒരു ബംഗാളി ബ്രാഹ്മണനായിരുന്നു. ബാല്യകാലം കേരളത്തിൽ

ചിലവഴിച്ചു. പഠനത്തിനു ശേഷം ആർകിടെക്റ്റ്, എയ്റോബിക് പരിശീലക എന്നീ നിലകളിൽ ജോലി ചെയ്തു.



## ഫ്ലോറൻസ് നൈറ്റിൻഗേൽ

ആധുനിക നേഴ്സിങ്ങിന് അടിത്തറപാകിയ ഫ്ലോറൻസ് നൈറ്റിങ്ഗേൽ വിളക്കേന്തിയ വനിത എന്നാണ് വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ഒരു എഴുത്തുകാരിയും സ്റ്റാറ്റിസ്റ്റീഷ്യനുമായിരുന്നു അവർ. ക്രീമിയൻ യുദ്ധകാലത്ത് (1853-1856) പരിക്കേറ്റ പട്ടാളാക്കാർക്കു നൽകിയ പരിചരണമാണ് അവരെ പ്രശസ്തയാക്കിയത്. ഇന്ത്യയിലെ ഗ്രാമങ്ങളിലെ ശുചീകരണത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയ അവർ, ഇന്ത്യയിലെ വൈദ്യപരിചരണവും പൊതുജനാരോഗ്യവും മെച്ചപ്പെടുത്തുവാൻ ശ്രമം നടത്തി.



## മേരി കോം

ഇന്ത്യയിലെ മണിപ്പൂരിൽ നിന്നുമുള്ള ബോക്സിങ് കായികതാരമാണ് മേരി കോം . അഞ്ചു തവണ ലോക ബോക്സിങ് ജേതാവ് ആയിട്ടുള്ള മേരി കോം ഒളിമ്ബിക്സിൽ വനിതാവിഭാഗം ബോക്സിങ് ആദ്യമായി 2012 ൽ ഉൾപ്പെടുത്തിയപ്പോൾ ഇന്ത്യയെ പ്രതിനിധീകരിച്ചു. 51 കിലോഗ്രാം വിഭാഗം ഫ്ലൈവെയ്റ്റിൽ വെങ്കല മെഡൽ നേടുകയും ചെയ്തു. ഇപ്പോൾ പോലീസ് സേനയിൽ സേവനം ചെയ്യുന്നുണ്ട്.2012 ലെ ഒളിമ്ബിക്സിൽ ക്വാർട്ടറിൽ കടന്നു.

# തീരം തേടുന്നവർ



ബാബു എ
എച്ച് എസ് ടി


സാറെ എന്ന് വിളിച്ചു കൊണ്ട് ഓടി വന്ന പെൺകുട്ടിയെ എനിക്ക് പെട്ടെന്ന് തന്നെ മനസിലായി. വർഷങ്ങൾക്ക് മുൻപ് ഓച്ചിറ ഹൈസ്കൂളിൽ പഠിച്ചവൾ എട്ടിലും ഒൻപതിലുമാണ് ഞാൻ അവളെ പഠിപ്പിച്ചത് .പിന്നീട് എനിക്ക് കൊല്ലത്തേക്ക് സ്ഥലം മാറ്റമായി.ആ കുട്ടിയെ ഓർക്കാൻ ചില പ്രത്യേക കാരണങ്ങൾ ഉണ്ട് കുട്ടിയായിരിക്കുമ്പോൾ  തന്നെ അമ്മയെ ഉപേക്ഷിച്ച് അച്ഛൻ പോയി. അവൾക്കു പത്തു വയസ്സുള്ളപ്പോൾ അമ്മയും മരിച്ചു .പിന്നീട് ബന്ധുക്കളുടെ സഹായത്താലാണ് അവൾ വളർന്നതും പഠിച്ചതും ഏകാന്തതയും ഒറ്റപ്പെടലും അനാഥത്വവും കുട്ടിക്കാലത്തു തന്നെ ശരിക്കും അനുഭവിച്ച അവൾക്കു കുറച്ചെങ്കിലും സന്തോഷം നൽകുന്നത് സ്കൂൾ ജീവിതമാണ്. ക്ലാസിലെ മറ്റു കുട്ടികളെക്കാൾ അവൾ പഠിക്കുന്നതിൽ മിടുക്കിയായിരുന്നു. കൂടെ കൂടെ അവളുടെ മുഖത്ത് വല്ലാത്ത ഒരു നൈരാശ്യം നിഴലിച്ചിരുന്നു. എന്തെങ്കിലും ചോദിച്ചാൽ അതിനു മാത്രം മറുപടി പറയുന്ന അവൾ മറ്റു കുട്ടികളെ പോലെ വാചാലയല്ല.പലപ്പോഴും മറ്റ് അധ്യാപകർ പറയാറുണ്ട് ശ്രീദേവിക്ക് ശബ്ദമുണ്ടോയെന്നു സംശയമാണെന്ന് .എല്ലാ അധ്യാപകരും അവളെ ഏറെ ഇഷ്ടപ്പെട്ടിരുന്നു പലരും അവൾക്ക് സാമ്പത്തികമായും അല്ലാതെയും സഹായിച്ചിരുന്നു .മറ്റ് കുട്ടികൾക്കും അവളെ ഏറെ ഇഷ്ടമായിരുന്നു.സ്കൂളിൽ ഇന്ന് നടക്കുന്ന പി എസ് സി പരീക്ഷ അധ്യാപക നിയമനത്തിനുള്ളതാണെന്ന് എനിക്ക് മനസ്സിലായി.അവൾ ആ പരീക്ഷ എഴുതാൻ വന്നതാണ് അപ്പോഴാണ് തന്നെ കണ്ടത്.അന്ന് താൻ കണ്ട ആ പഴയ ഒൻപതാം ക്ളാസ്സ്കാരിയല്ല, അവളിന്ന് വളർന്നു മിടുക്കിയായിരിക്കുന്നു ശബ്ദമുണ്ട് , പുഞ്ചിരിയുണ്ട് , പ്രതികരണമുണ്ട് അതിലൊക്കെ ഉപരി ലക്ഷ്യബോധമുണ്ട് പുതിയ തലമുറയ്ക്ക് അവൾ ഒരു മാതൃകയാണ്. കഷ്ടപ്പാടുകളെല്ലാം അതിജീവിച്ച് അവൾ ബിരുദങ്ങൾ നേടി കാലം അവളെ ഒരു നല്ല അധ്യാപികയാക്കി മാറ്റിയിരിക്കുന്നു ഇപ്പോൾ തന്നെ ഈ പരീക്ഷ അവൾ ജയിക്കും എത്രയും പെട്ടെന്ന് തന്നെ അവൾക്ക് ജോലി ലഭിക്കും ഏതെങ്കിലും ഒരു സ്കൂളിൽ അവൾ അധ്യാപികയായി വരും , പ്രശ്നങ്ങളെ അതിജീവിക്കുന്ന ഒരു നല്ല അധ്യാപികയായി.

നിർഭയ

# തേങ്ങലുകൾ നിലയ്ക്കാത്ത രാജ്യം

രാജ്യത്ത് ഓരോ ദിവസവും ലൈംഗികാതിക്രമത്തിന് ഇരയായത് ശരാശരി 109 കുട്ടികൾ.2017 നെ അപേക്ഷിച്ച് ഇത്തരം കേസുകൾ 22 ശതമാനം വർധിച്ചെന്നും കണക്കുകൾ വ്യക്തമാക്കുന്നു.2017 ൽ പോക്സോ നിയമപ്രകാരം 32608 കേസ് രജിസ്റ്റർ ചെയ്തപ്പോൾ 2018 ൽ 39827 കേസാണുണ്ടായത് .

* 2018 ൽ ബലാത്സംഗം ചെയ്യപ്പെട്ട പെൺകുട്ടികൾ 21401
* ആൺകുട്ടികൾ 204
* 2008 ൽ രജിസ്റ്റർ ചെയ്ത കേസുകൾ 22500
* 2018 ൽ 141764



**ബാലബലാത്സംഗം കൂടുതൽ**

1. മഹാരാഷ്ട്ര 2832
2. ഉത്തർപ്രദേശ് 2023
3. തമിഴ്നാട് 1457

**കുട്ടികളുൾപ്പെട്ട അശ്ലീല ചിത്രം**

2018 ൽ 781

2017 ൽ 331

* അഭയ കേന്ദ്രങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗിഗതിക്രമ കേസുകൾ 30 ശതമാനം കൂടി
* 2017 ൽ 544 കേസുകൾ 2018 ൽ 707

* ശൈശവ വിവാഹങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ 26 ശതമാനം വർധന

* 2017 ൽ 395 കേസുകൾ 2018 ൽ 501

**കുട്ടികളോടുള്ള കുറ്റകൃത്യങ്ങൾ**

* ഒന്നാമത് ഉത്തർപ്രദേശ് 19936
* രണ്ടാമത് മധ്യപ്രദേശ് ,മഹാരാഷ്ട്ര 18992

(അവലംബം:- മാതൃഭൂമി ദിനപത്രം 2020 ജനവരി 13)

നിർഭയ

# കേരള വനിതകൾ ചരിത്രപദവിയിൽ

- മന്ത്രി പദത്തിലെത്തിയ ആദ്യ മലയാളി വനിത – കെ.ആർ.ഗൗരിയമ്മ
- പ്രോടൈം സ്പീക്കറായ ആദ്യ വനിത – റോസമ്മ പുന്നൂസ്
- ഡപ്യൂട്ടി സ്പീക്കറായ ആദ്യ വനിത – കെ.ഒ.ആയിഷാഭായി
- ലോകസഭയിലെത്തിയ ആദ്യ വനിത – ആനി മസ്ക്രീൻ
- കേന്ദ്രമന്ത്രിയായ ആദ്യ മലയാളി വനിത – ലക്ഷ്മി എൻ. മേനോൻ
- ഹൈക്കോടതി ജഡ്ജിയായ ആദ്യ വനിത – അന്നാചാണ്ടി
- കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായ ആദ്യ മലയാളി വനിത – കെ.കെ. ഉഷ
- ആദ്യത്തെ വനിതാ വൈസ് ചാൻസലർ – ജാൻസി ജെയിംസ്
- സരസ്വതി സമ്മാനം നേടിയ പ്രഥമ വനിത – ബാലാമണിയമ്മ
- ജെ.സി ഡാനിയേൽ അവാർഡ് നേടിയ ആദ്യ വനിത – ആറന്മുള പൊന്നമ്മ
- ഒളിമ്പിക്സ് അത്‌ലറ്റിക്സ് ഫൈനലിൽ കടന്ന ആദ്യ വനിത – പി.ടി. ഉഷ
- ഒളിമ്പിക്സ് അത്‌ലറ്റിക്സ് സെമിഫൈനലിലെത്തിയ ആദ്യ വനിത – ഷൈനി വിൽസൺ
- ഒളിമ്പിക്സ് ടീമിനെ നയിച്ച ആദ്യ വനിത – ഷൈനി വിൽസൺ
- ഏഷ്യൻ ഗെയിംസിൽ സ്വർണം നേടിയ ആദ്യ വനിത – എം.ഡി.വത്സമ്മ
- അർജ്ജുന അവാർഡ് നേടിയ ആദ്യ വനിത – കെ.സി. ഏലമ്മ
- രാജീവ് ഗാന്ധി ഖേൽരത്ന അവാർഡ് നേടിയ ആദ്യ വനിത – കെ.എം.ബീനാമോൾ
- മലയാള സിനിമയിലെ ആദ്യ നായിക – പി.കെ. റോസി
- ഉർവശി അവാർഡ് നേടിയ ആദ്യ വനിത – ശാരദ
- ഗവർണറായ ആദ്യ മലയാളി വനിത – ഫാത്തിമ ബീവി ( തമിഴ്നാട് )
- മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ച ആദ്യ മലയാളിവനിത – അൽഫോൻസാമ്മ
- തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി വനിത – അൽഫോൻസാമ്മ
- തമിഴ്നാട് ഡി.ജി.പി. ആയ ആദ്യ മലയാളി വനിത – ലതികാ ശരൺ
- കേരളത്തിലെ ആദ്യ വനിത ഇന്റലിജൻസ് ചീഫ് – ആർ.ശ്രീലേഖ
- ആദ്യ മലയാളി വനിതാ ഐ.പി.എസ് ഓഫീസർ – ആർ.ശ്രീലേഖ

# ദേവൂട്ടി



ഗിരിജ കുമാരി വി
ഓഫീസ് സ്റ്റാഫ്

ദേവൂട്ടി എന്നാണ് അവളെ എല്ലാവരും വിളിക്കുന്നത്.നല്ല സുന്ദരിക്കുട്ടിയാണവൾ.നല്ല മഷിക്കറുപ്പുള്ള ചുരുണ്ട മുടി,നീണ്ട നിവർന്ന നീലക്കണ്ണുകൾ,എള്ളിൻ പൂവുകൾ പോലെയുള്ള മൂക്ക്,വിശാലമായ നെറ്റിത്തടം,പനിനീർ റോസ് പോലെ ചുവന്ന തുടുത്ത കവിൾത്തലം കണ്ടാൽ ആരും നോക്കി നിന്ന് പോകും.ആ അച്ഛനമ്മമാർ അവളെ പൊന്നുപോലെയാണ് വളർത്തുന്നത്.അവൾ എല്ലാവരുടെയും കണ്ണിലുണ്ണിയാണ്.അവൾ ഇന്ന് നാലാം ക്ലാസിൽ പഠിക്കുന്നു.കുണുങ്ങി കുണുങ്ങിയുള്ള അവളുടെ നടത്തം കണ്ടാൽ ആരും ഒന്ന് നോക്കി നിന്ന് പോകും.

അങ്ങ് വടക്കൻ പ്രദേശത്ത് ഒരു ചെറിയ ഗ്രാമത്തിൽ ഒരു സുന്ദരിയായ യുവതി ഉണ്ടായിരുന്നു.അവൾ ഡിഗ്രിക്ക് പഠിക്കുന്ന പ്രായം. രാജകുടുംബത്തിൽ പിറന്ന അവൾക്ക് ജീവിതത്തിനു യാതൊരു കുറവും ഉണ്ടായിരുന്നില്ല.അവൾ നല്ല വിദ്യാഭ്യാസം നേടി.ആയിടെ അവൾ സുന്ദരനായ കണ്ടുമുട്ടി.അയാളുടെ സ്നേഹം,സൗന്ദര്യം,പെരുമാറ്റം,സ്വഭാവം എല്ലാം അവളെ അയാളിൽ ആകൃഷ്ടയാക്കി.അങ്ങനെ ഒരുനാൾ അവരുടെ വിവാഹം കഴിഞ്ഞു.ഇഷ്ടമുള്ളയാളെ വിവാഹം കഴിച്ച ഒറ്റക്കാരണത്താൽ അവരെ വീട്ടുകാർ അംഗീകരിച്ചില്ല.അവർ വാടക വീട്ടിലേക്കു താമസം മാറി.അവൾ അതിസുന്ദരിയായ ഒരു പെൺകുട്ടിക്ക് ജന്മം നൽകി.അങ്ങനെ വളരെ സന്തോഷത്തോടെ അവർ ജീവിച്ചു വരുകയായിരുന്നു.

പെട്ടന്നാണ് അവരുടെ ജീവിതത്തിലേക്ക് അന്ധകാരം ഇരുൾ മൂടി അടുത്തത്.ഒരുദിവസം അച്ഛനും,അമ്മയും,മകളും കൂടി ഒരു കാറിൽ യാത്ര ചെയ്തു കൊണ്ടിരിക്കുകയായിരുന്നു.പെട്ടെന്ന് എതിരെ പാഞ്ഞടുത്ത ഒരു ലോറി ആ കാറിൽ വന്നിടിച്ചു.വളരെ പരിതാപകരമായിരുന്നു ആ കാഴ്ച

ഓടിക്കൂടിയ നാട്ടുകാർ കാർ വെട്ടിപ്പൊളിച്ച് അവരെ പുറത്തെടുത്തപ്പോഴേക്കും അച്ഛൻ തൽക്ഷണം മരിച്ചിരുന്നു.പെട്ടെന്ന് അമ്മയെയും കുഞ്ഞിനേയും ആശുപത്രിയിൽ എത്തിച്ചെങ്കിലും അമ്മയേയും രക്ഷിക്കാനായില്ല.ആ കുഞ്ഞിന് മാത്രം ഒരു കുഴപ്പവും പറ്റിയില്ല.എട്ടും പൊട്ടും തിരിയാത്ത ആ പിഞ്ചോമനയ്ക്ക് ആരും ഒരു ആശ്രയം ഉണ്ടായില്ല.ആരും തന്നെ ആ കുട്ടിയെ ഏറ്റെടുക്കാൻ തയ്യാറായില്ല.ഈ അപകട സമയത്ത് അതുവഴി വന്ന ഒരു പോലീസ് ഓഫീസർ ആ കുട്ടിയെ ഒരു അനാഥാലയത്തിൽ ഏൽപ്പിക്കുകയും എന്ത് കാര്യമുണ്ടായാലും തന്നെ അറിയിക്കണമെന്നും പറഞ്ഞു.അങ്ങനെ ആ കുട്ടി അനാഥാലയത്തിൽ വളർന്നു.അവളെ കുട്ടികൾ ഇല്ലാത്ത ഏതെങ്കിലും നല്ല കുടുംബത്തിൽ പെട്ട ദമ്പതികളെ ഏൽപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

അങ്ങനെയിരിക്കെയാണ് കുട്ടികൾ ഇല്ലാത്ത ഒരു യുവ ദമ്പതികൾ അവർ ഏറെ നാളായി കുട്ടികൾ ഇല്ലാത്ത വിഷമത്തിൽ കഴിയുകയായിരുന്നു. അവർ ഓൺലൈനിൽ ഒരു അപേക്ഷ കൊടുക്കുകയും,കുട്ടികൾ ഇല്ലാത്ത അവർക്ക് ആ കുഞ്ഞിനെ വേണമെന്നും അവർ പൊന്നുപോലെ നോക്കിക്കൊള്ളാമെന്നും അവർക്കുള്ള എല്ലാ സ്വത്തുക്കളും അവകാശി അവളെ ആക്കാമെന്നുമുള്ള നിബന്ധനയോടെ അവർ അപേക്ഷ അയച്ചു. അനാഥാലയ അധികൃതർ അറിയിച്ചതിനെ തുടർന്ന് ആ ദമ്പതികൾ അവിടെ ചെല്ലുകയും ആ പോലീസ് ഓഫീസറുമായി ബന്ധപ്പെട്ട് ആ കുട്ടിയെ ആ ദമ്പതിമാരെ ഏൽപ്പിക്കുകയും ചെയ്തു.

അവളാണ് ഇന്ന് സുന്ദരിയായ ദേവൂട്ടിയായി ആടിപ്പാടി നടക്കുന്നത് വളരെ സന്തോഷത്തോടെ കൂട്ടുകാരുമൊത്ത് ആർത്തുല്ലസിച്ച് കഥകൾ പറഞ്ഞ് സുന്ദരിക്കുട്ടിയായി സർവ്വസുഖത്തോടും വാഴുകയാണ്. അച്ഛനമ്മമാരും വളരെ സന്തോഷത്തോടെ അവളുടെ ഇഷ്ടങ്ങളോടൊത്ത് ജീവിക്കുന്നു.

നിർഭയ

# മഴയുടെ പ്രണയിനി



അഞ്ജു ജെ

STD IX A

ഓർമകൾക്ക് നിറം മങ്ങിയ രാവിൽ
ജാലകത്തിനരികിലെപ്പോഴോ
വിണ്ടുകീറിയ മനസ്സുമായി നിൽക്കുമ്പോഴും
എൻ മനം മന്ത്രിക്കുന്നു
പെയ്യുവാൻ വെമ്പി നിന്ന മഴക്കാറേ
നീ മൂകമായി പെയ്തു കൊൾക
നെഞ്ചിന്റെ ചൂടേറ്റു നീറിയ മൗന
മനസമെന്നോ പിടഞ്ഞു പോയ്
എങ്കിലും മഴക്കാറേ നീ
ആർദ്രമായി പെയ്തുകൊൾക
എൻ മിഴിനീർ പോലെ
നിന്നെ ഞാൻ കാത്തിടാം
വേരറ്റ പാഴ്മരം മൃത്യു വരിച്ചതിൽ
മുളപൊട്ടാനിത്തിരി കണ്ണുനീർ പോലെ
നീ ശോകമായി പെയ്തു കൊൾക
ഒരുപിടി ചാരമായി പിന്നെയുമീ
ജഗത്തിന്റെ ഉമ്മറപ്പടിയിൽ
മോക്ഷത്തിനായി അലിഞ്ഞു തീരാൻ
ആഴിയിൽ ലയിക്കും വരേക്കും മഴക്കാറേ
നീ ഘോരമായി പെയ്തു കൊൾക
എൻ മിഴിയിലെ നനവാർന്ന ചിതയിൽ
നീ പെയ്തു കൊണ്ടിരിക്കു
എപ്പോഴോ എനിക്ക് വേണ്ടി നീ മൂളിയ
സംഗീതം ഇനിയും പെയ്തു തീരാത്ത
നിൻ മഴയുടെ തന്ത്രികളിൽ നാദമായ്
എന്നിൽ നീ മീട്ടുക
അകലെ ആഴിയുടെ മടിത്തട്ടിലെവിടെയോ
ജനിമൃതികൾക്കുമപ്പുറം ഒരു നിഴൽ പോലെ
മഴമേഘക്കൂട്ടങ്ങൾ നൃത്തമാടിയപ്പോൾ
ആ മഴയുമെന്നാത്മാവിൽ അറിഞ്ഞീടുമ്പോൾ
ഞാനിന്നുമീ മഴയുടെ പ്രണയിനി

# നോവ്



മറന്നു പോയൊരാ തൊട്ടിൽക്കമ്പു
മറന്നു ഞാനാ കുഞ്ഞു കാൽ തളകൾ
മറന്നുവോ കുഞ്ഞിളം പാൽ പുഞ്ചിരി
മറന്നതില്ല ഞാനാ പാട്ടുപാവാട തൊങ്ങലുകൾ
ഓർമയിൽ മഞ്ഞതില്ല നിൻ ദാവണിക്കനവുകൾ
ഓർമകളിൽ മായുന്നില്ല നിൻ നിറമിഴികൾ
മായുന്നതേയില്ല നിദ്രയിൽ പൊട്ടിയ
നിൻ വള തുണ്ടുകൾ മാഞ്ഞ സിന്ദൂരവും
മറയുന്നതേയില്ല ആ തേങ്ങലുകൾ
എൻ തലമുറയാകെ

- സബീദ ഇ (എച്ച്.എം)

# അമ്മ

എന്റെ '''അമ്മ ''എന്റെ നല്ല  'അമ്മ
എന്നെ കണ്മണി പോലെ കാക്കും
സ്നേഹ നിധിയാം എന്റെ 'അമ്മ
കാരുണ്യവതിയാം  'അമ്മ
ഞാൻ കാലിടറി വീഴുമ്പോൾ
ഓടി  എത്തി  താങ്ങും  എന്റെ  'അമ്മ
മാറോടണച്ചു  പുഞ്ചിരി തൂകും 'അമ്മ
വാത്സല്യ നിധിയാം അമ്മ

- അസിത ജോയി
SITC & കൈറ്റ് മിസ്ട്രസ്

# കുയിലുകളും വസന്ത ദേവതയും



പിങ്കി ബി

STD IX A

കുയിലുകൾക്കെല്ലാം പണ്ട് പാലുപോലെ വെളുത്ത നിറമായിരുന്നു. മാത്രമോ വള്ളികളും ചുള്ളികളും അടുക്കി വെച്ച് രസകരമായി കൂടികൂട്ടാനും അവർക്കു നല്ല വിരുതുണ്ടായിരുന്നു.എന്നിട്ടിപ്പോൾ എങ്ങനെ ഇങ്ങനെയായി അതിനൊരു കഥയുണ്ട് കേട്ടോളൂ.

ഒരിക്കൽ വസന്തദേവതയും സഖിമാരും കാട്ടിലൂടെ ചുറ്റിത്തിരിയുകയായിരുന്നു.അപ്പോൾ എവിടെ നിന്നോ കുയിലുകളുടെ മധുരഗാനം ഒഴുകിയെത്തി."ഹായ് ഈ വാസന്തകാലത്ത് ഇത്ര മനോഹരമായി പാടുന്നതാരാണ് വസന്ത ദേവത ചോദിച്ചു"."അതാണ് കുയിലുകൾ എല്ലാവരും ഇഷ്ടപ്പെടുന്ന തൂവെള്ള പക്ഷികൾ സഖിമാർ കുയിലുകളിരിക്കുന്ന പൂമര കൊമ്പത്തേക്ക്  കൈ ചൂണ്ടി."എങ്കിൽ ഇവരെ ഞാൻ പക്ഷികളുടെ രാജാക്കന്മാരായി മാറ്റുന്നു ഇന്ന് മുതൽ എല്ലാ പക്ഷികളും ഇവരെ അനുസരിച്ചും ആദരിച്ചും ജീവിക്കട്ടെ" വസന്ത ദേവത അനുഗ്രഹിച്ചു.അതോടെ എല്ലാ പക്ഷികളും കുയിലുകളെ കൂടുതൽ സ്നേഹിക്കാനും ബഹുമാനിക്കാനും തുടങ്ങി.

എന്നാൽ കുറേക്കാലം കഴിഞ്ഞപ്പോൾ കുയിലുകളുടെ മട്ടും മാതിരിയുമൊക്കെ മാറി.അവർ മറ്റു പക്ഷികളെ കുത്താനും തോണ്ടാനും പരിഹസിക്കാനും തുടങ്ങി.പക്ഷെ കുയിലുകളോട് എതിരിടാനോ പകരം ചോദിക്കാനോ മറ്റ് പക്ഷികൾക്കൊന്നും ധൈര്യമുണ്ടായിരുന്നില്ല. അങ്ങനെ ചെയ്താൽ വസന്തദേവതയുടെ ശാപം കിട്ടുമോ എന്നാണവരുടെ പേടി.അതോടെ കുയിലുകളുടെ തെമ്മാടിത്തരത്തിനു അതിരില്ലാതായി. അവരുടെ ഉപദ്രവം സഹിക്ക വയ്യാതെ പക്ഷികൾ ഞെരി പിരി കൊണ്ടു.

ഒരുദിവസം കണ്ണൻ കാക്കയുടെ നേതൃത്വത്തിൽ എല്ലാവരും കൂടി വസന്തദേവതയുടെ അരികിലെത്തി."പൊന്നു ദേവതേ കുയിലുകളുടെ ഉപദ്രവം കൊണ്ട് ഞങ്ങൾ പൊറുതി മുട്ടി എങ്ങനെയെങ്കിലും ഞങ്ങളെ രക്ഷിക്കണം"എന്ത് കുയിലുകൾ അത്ര അഹങ്കാരികളായെന്നോ എങ്കിൽ അതൊന്നു ചോദിച്ചിട്ട് തന്നെ

കാര്യം.വസന്ത ദേവത അപ്പോൾ തന്നെ കുയിലുകളുടെ അടുക്കലെത്തി.വസന്തദേവത നല്ല ഉപദേശങ്ങൾ നൽകി അവരെ നന്നാക്കാൻ നോക്കിയെങ്കിലും കുയിലുകൾ വഴങ്ങിയില്ല.പിറ്റേ ദിവസം കുയിലുകളെല്ലാം കണ്ണൻ കാക്കയുടെ കൂട് തകർത്ത് അകത്തുണ്ടായിരുന്ന കുഞ്ഞുങ്ങളെയെല്ലാം കൊത്തിയോടിച്ചു.മറ്റൊരു ദിവസം തത്തകൾ പാർക്കുന്ന പൊത്തിനുള്ളിൽ കല്ലും മണ്ണും കൊത്തിയിട്ട് ശല്യപ്പെടുത്തി.എന്തിനു പറയുന്നു കാട്ടിലും മേട്ടിലും ഓടി നടക്കുന്ന പാവം കീരൻ അണ്ണാന്റെ കാലുകൾ പോലും അവർ കൊത്തിയോടിച്ചു.ഇതുകൂടി കേട്ടപ്പോൾ വസന്തദേവതക്ക് കോപം അടക്കാൻ കഴിഞ്ഞില്ല.കുയിലുകളുടെ അഹങ്കാരം എന്നെന്നേക്കുമായി ഇല്ലാതാക്കണമെന്നു ദേവത തീരുമാനിച്ചു.കുയിലുകളുടെ നേർക്ക് കൈകളുയർത്തി ദേവത ഇങ്ങനെ ശപിച്ചു "മഹാപാപികളെ സ്വന്തമായി കൂടുണ്ടാക്കുന്ന വിദ്യ നിങ്ങൾ എന്നെന്നേക്കുമായി മറന്നുപോകട്ടെ"വസന്ത ദേവതയുടെ ശാപം കേട്ട് കുയിലുകൾ നടുങ്ങിത്തെറിച്ചു.അവർ കണ്ണീരോടെ ദേവതയുടെ കാൽക്കൽ വീണ് അപേക്ഷിച്ചു "ദേവതേ കനിവുണ്ടാകണം കൂടുണ്ടായില്ലെങ്കിൽ ഇതോടെ ഞങ്ങളുടെ വംശം മുടിഞ്ഞു പോകും ശാപം നീക്കിത്തരണേ"."ഇല്ലില്ല ശാപം ഒരിക്കലും നീക്കിത്തരില്ല വംശം നിലനിർത്തണമെങ്കിൽ ഇന്നുമുതൽ നിങ്ങൾ കാക്കക്കൂട്ടിൽ മുട്ടയിട്ടോളൂ ആരും അറിയാതിരിക്കാൻ നിങ്ങളുടെ വെള്ള നിറം മാറ്റി ഇതാ കറുപ്പ് നിറം നൽകുന്നു".ദേവത കുയിലുകളുടെ നേർക്ക് കൈകളുയർത്തി അതോടെ കുയിലുകളുടെ നിറം കറുപ്പായി മാറി.

അന്ന് മുതൽ കുയിലുകൾ കാക്കക്കൂട്ടിൽ മുട്ടയിടാനും തുടങ്ങി.

# ഇനിയ പഠിച്ച പാഠം



സുകന്യ കൃഷ്ണൻ എസ്
STD IX A

ഒരിടത്തു ഒരു ധനികനായ വ്യക്തി ഉണ്ടായിരുന്നു. അദ്ദേഹം പാവങ്ങളെ സഹായിക്കുകയും അവർക്കു വേണ്ടത് ചെയ്തു കൊടുക്കുകയും ചെയ്തിരുന്നു.അദ്ദേഹത്തിന് രണ്ടു പെണ്മക്കൾ ഉണ്ടായിരുന്നു.മൂത്തവൾ ഇസബെല്ലാ,സുന്ദരിയും പാവങ്ങളെ സഹായിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇളയവൾ ഇനിയ മറ്റുള്ളവരെ ദ്രോഹിക്കുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്നു.ധനികന്റെ ദാനശീലം കാരണം അദ്ദേഹം വളരെ പെട്ടന്ന് തന്നെ ദരിദ്രനായി തീർന്നു.അവർ പുതിയ ഒരു വീട്ടിലേക്കു താമസം മാറി.അത് ചെറുതും വൃത്തിഹീനവും ആയിരുന്നു.ഈ കാരണത്താൽ ഇനിയ തന്റെ കുടുംബവുമായി വഴക്കിട്ടിരുന്നു.അത് അവളുടെ ശീലമായി മാറുകയും ചെയ്തു.ഇനിയയുടെ ഈ പെരുമാറ്റത്തിൽ ഇസബെല്ലക്ക് എന്നും സങ്കടമായിരുന്നു.ഇനിയയുടെ ജീവിത ലക്ഷ്യമായി അവൾ കരുതിയിരുന്നത് ശക്തിശാലിയും പണക്കാരനുമായ ഒരാളെ വിവാഹം കഴിക്കണമെന്നായിരുന്നു.ഇനിയയുടെ ആഗ്രഹം പോലെ തന്നെ ഒരു വ്യക്തി എത്തി.അതിസുന്ദരനും ബുദ്ധിശാലിയും സമ്പന്നനും അവന്റെ പേരാകട്ടെ ജെറിൻ .ജെറിനാണെങ്കിലോ ഇനിയയുടെ സ്വഭാവം ഒട്ടും തന്നെ ഇഷ്ടപ്പെട്ടില്ല.തിരികെ പോകാൻ നിൽക്കവേ അവൻ ഇസബെല്ലയെ കാണാൻ ഇടയായി.അവൾ ഒരു വൃദ്ധയെ സഹായിക്കുകയായിരുന്നു.അവൻ മറഞ്ഞു നിന്ന് അവരുടെ സംസാരം കേട്ടു ."മുത്തശ്ശി എന്തിനാണ് ഈ പ്രായത്തിൽ ഇങ്ങനെ കഷ്ടപ്പെടുന്നത്?"ഈ ജീവനെ നിലനിർത്താൻ വേണ്ടിയാണു മോളെ,മോൾ എത്തിക്കുന്ന ഭക്ഷണം കഴിക്കുമ്പോൾ ഞാൻ ചിന്തിക്കാറുണ്ട് മോളുടെ ഭക്ഷണത്തിന്റെ ഒരു വിഹിതമാണ് മോൾ എനിക്ക് തരുന്നത് എന്ന്.നിറഞ്ഞ വയറോടെ ഞാൻ

കിടക്കുമ്പോൾ ഒഴിഞ്ഞ വയറോടെ മോൾ അവിടെയും.എത്ര നാൾ ഞാൻ മോളെ ഇങ്ങനെ ശല്യപ്പെടുത്തും"."ആരാണ് പറഞ്ഞത് ഞാൻ ഒഴിവയറോടെയാണ് കിടക്കുന്നതെന്ന്?.എന്റെ മനസിന്റെ സംതൃപ്തിയും മുത്തശ്ശിയുടെ പ്രാർത്ഥനയും ഉണ്ടല്ലോ പിന്നെ ഞാൻ എങ്ങനെയാണ ഒഴിഞ്ഞ വയറോടെ കിടക്കുന്നത്".ഇത് കേട്ട മുത്തശ്ശി ഇങ്ങനെ പറഞ്ഞു "എന്നും എന്റെ കുട്ടിക്ക് ദൈവം സന്തോഷം മാത്രം നൽകട്ടെ"ഇത് കേട്ട് നിന്ന ജെറിന് അവൻ അന്വേഷിക്കുന്ന പെൺകുട്ടി ഇതാണെന്ന മനസിലായി.അവൻ ആ മുത്തശ്ശിയോട് അവളുടെ മേൽവിലാസം അന്വേഷിച്ചു.അവർ നൽകിയ മേൽവിലാസത്തിൽ എത്തിയ ജെറിൻ അന്തിച്ചു.കാരണം അവൻ ആദ്യം വന്ന വീട് തന്നെയായിരുന്നു.അവൻ വാതിൽ തട്ടി.വാതിൽ തുറന്നു വന്നത് ഇസബെല്ലയായിരുന്നു .അവൾ അവനോട് ചോദിച്ചു "നിങ്ങൾ ആരാണ്"?ജെറിൻ അവളോട് പറഞ്ഞു "എനിക്ക് നിന്നെ വിവാഹം കഴിക്കാൻ താല്പര്യം ഉണ്ട്".അവൾ പറഞ്ഞു "എന്റെ മാതാപിതാക്കളോട് അങ്ങയുടെ ആഗ്രഹം പറയുവാൻ"ജെറിൻ അവന്റെ ആഗ്രഹം പറയുകയും അവർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ വിവാഹത്തിന് മുൻപ് ഇസബെല്ലാ അവനോട് ഒരു നിബന്ധന വച്ചു.മറ്റൊന്നുമല്ല തന്റെ മാതാപിതാക്കളെയും സഹോദരി ഇനിയയും അവരോടൊപ്പം കൊണ്ടുപോകണം എന്നായിരുന്നു.ജെറിൻ അത് സമ്മതിക്കുകയും ചെയ്തു.ഇത് അറിഞ്ഞ ഇനിയ തന്റെ സഹോദരിയുടെ നല്ല മനസും നന്മയും മനസിലാക്കി.ഇതോടെ ഇനിയക്ക് മനസിലായി മറ്റുള്ളവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത്കൊണ്ട് ഗുണങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളൂ എന്ന്.ഇതാണ് ഇനിയ തന്റെ സഹോദരിയിൽ നിന്ന് പഠിച്ച പാഠം.പിന്നെ ഇനിയ അത് പിൻതുടർന്നു

# സുഭാഷിതം



സർവ ദ്രവ്യേഷു വിദ്യയ്വ
ദ്രവ്യ മാഹുരനത്തമം
ആഹാര്യത്വദനാർഘ്യത്വ
ദക്ഷയത്വാച്ച സർവദാ

സുനിത കുമാരി അമ്മ ആർ
എച്ച് എസ് ടി

ആശയം - ആരാലും അപഹരിക്കാൻ പറ്റാത്തത് കൊണ്ടും അമൂല്യമായത് കൊണ്ടും നാശമില്ലാത്തതിനാലും വിദ്യാഭ്യാസം സർവദ്രവ്യങ്ങളിലും വെച്ച് അത്യുത്തമമാണ് വിദ്യ എല്ലാ ധനങ്ങളിലും വെച്ച് ശ്രേഷ്ഠമാണ് എന്ന് സാരം

# പ്രഭാതം

മഞ്ഞിൻ കണങ്ങളെ പുൽകി നീക്കി
കതിരോൻ മറനീക്കി എത്തിടുന്നു
കുയിലുകൾ പാടി ഉണർത്തിടുന്നു
ഉത്സാഹമോടെ ഉണർന്നെണീക്കാൻ
കുട്ടിൽ കുറുകി അരിപ്പിറാക്കൽ
അമ്മയെപ്പുൽകി ഉണർന്നിടുന്നു
അവരുടെ കൊഞ്ചലിൻ പാട്ടുകേൾക്കാൻ
അമ്മയടുത്തുണ്ട് ശ്രദ്ധയോടെ
ഞാറ്റുവേലക്കിളി പാറി വന്നു
ഊറ്റമോടാ നെൽക്കതിര് കൊയ്യാൻ
ഓരത്താരോലക്കിളികളെന്നും
ഓലത്തുമ്പത്തൊരുഞ്ഞാലിടാൻ
ആർത്തിയോടാടിയണഞ്ഞിടുന്നു
ആവണിപ്പാട്ടിന് താളമിടാൻ
ആശയോടാപ്പീലി നീർത്തിയാടി
മാമരക്കൊമ്പത്താ മയിൽരാജികൾ
എങ്ങെങ്ങുമാനന്ദമാടീടുന്നു
സുപ്രഭാതത്തിൻ കിളിനാദങ്ങൾ


- ഗിരിജ കുമാരി വി
ഓഫീസ് സ്റ്റാഫ്

# ഗാന്ധിയും ഖാദിയും



കൃഷ്ണപ്രിയ പി
STD IX A

രണ്ടാം ലോകമഹായുദ്ധത്തിനെതിരെ കോൺഗ്രസ് സത്യഗ്രഹം ആഹ്വാനം ചെയ്ത സമയം .ബോംബെയിലെ ലാമിങ്ടൺ പോലീസ്സ്റ്റേഷന് മുൻപിൽ സമ്പന്നയായ ഒരു യുവതി സത്യഗ്രഹം ഇരുന്നു .യുദ്ധ വിരുദ്ധ പ്രസംഗം നടത്തിയതിനു അവരെ പോലീസ് അറസ്റ്റ് ചെയ്തു .അപ്പോഴാണ് തന്റെ കഴുത്തിൽ കിടക്കുന്ന ആഭരണങ്ങൾ എന്ത് ചെയ്യുമെന്ന് അവർ ഓർക്കുന്നത് .ഉടൻ എല്ലാ ആഭരണങ്ങളും അഴിച്ചു ഒരു ടവ്വാലയിൽ കെട്ടി ആൾക്കൂട്ടത്തിൽ മുദ്രാവാക്യം വിളിച്ച ഖദർധാരിയെ ഏല്പിച്ചു .




അയാൾ അമ്പരന്നു അവരോടു ചോദിച്ചു "സഹോദരി ,നിങ്ങൾ എന്ത് ധൈര്യത്തിലാണ് അപരിചിതനായ എന്നെ ഈ പൊതി ഏൽപ്പിച്ചത് ?" പുഞ്ചിരി യോടെ അവർ മറുപടി പറഞ്ഞു ;"സഹോദരാ ,നിങ്ങൾ ധരിച്ചിരിക്കുന്നത് ഗാന്ധിജിയുടെ ഖാദിയാണ് ."

നിർഭയ

# ആനക്കാര്യം

- ആനകളുടെ സംരക്ഷണത്തിന് ഒക്ടോബർ 12 ലോക ആന ദിനമായി ആചരിക്കുന്നു . 70 വർഷമാണ് ശരാശരി ആയുസ്സ്

- പ്രോബോസിഡിയാ എന്ന സസ്തനി കുടുംബത്തിൽ ഉൾപ്പെടുന്ന ജീവിയാണ് ആന .

- ആഫ്രിക്കൻ ബുഷ് ആന , ആഫ്രിക്കൻ ആന ,ഏഷ്യൻ ആന എന്നിങ്ങനെ മൂന്ന് വർഗ്ഗങ്ങൾ ഉണ്ട്


- ആഫ്രിക്കൻ ആനകളുടെ ചെവി വലുതാണ്.വലിയ കൊമ്പുകൾ, നെറ്റി പരന്നതും ,തുമ്പിക്കൈയുടെ അഗ്രം വിരൽ പോലെ രണ്ടായി പിളർന്നതുമാണ് .

- ഏഷ്യൻ ആനകളിൽ ആണാനകൾക്കു മാത്രമാണ് കൊമ്പുകൾ ,നെറ്റിയിൽ രണ്ടു മുഴ ഉള്ളതും തുമ്പിക്കൈയുടെ അഗ്രം ഒറ്റ വിരൽ പോലെയുമാണ്


- സ്വേദ ഗ്രന്ഥികൾ ഇല്ലാത്തതിനാൽ വിയർക്കില്ല മൂക്കും മേൽചുണ്ടും ചേർന്നതാണ് തുമ്പിക്കൈ

നിർഭയ

# വര




ആദിത്യൻ എൻ STD IX B




അൽ അമീൻ എസ് STD VIII B




അഞ്ജു ജെ STD IX A




വിഷ്ണു ഗണേഷ് STD IX B




സുകന്യ കൃഷ്ണൻ എസ് STD IX A

# ലിറ്റിൽ കൈറ്റ്സിലൂടെ













ലിറ്റിൽ കൈറ്റ്സ് 2019-21ബാച്ച്



ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പിൽ
പങ്കെടുത്ത് സ്കൂളിന്റെ അഭിമാനമായ
ആകാശ് ജോളി

നിർഭയ

# ഹൃദയപൂർവം



പെൺ പോരാട്ടങ്ങൾക്ക് കരുത്തുപകരാൻ
അടിച്ചമർത്തപ്പെടുന്ന ജീവിതങ്ങൾക്കൊപ്പം
ഹൃദയം ചേർത്ത് വെക്കാൻ,ഐക്യപ്പെടാൻ
ഈ ഡിജിറ്റൽ പോരാട്ടം പൂർത്തിയാക്കാൻ
സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾക്കും ബഹുമാനപ്പെട്ട
പ്രഥമാധ്യാപികയ്ക്കും മറ്റ് അധ്യാപകർക്കും
ഹൃദയപൂർവം നന്ദി ....................